# ആശ്ചര്യകരമായ വല്ലതും കാണുമ്പോൾ

അബ്ദുൽ ജബ്ബാർ അബ്ദുല്ല

## سبحانَ اللهِ

ആശ്ചര്യകരമായ ഒരു വിഷയം നബിﷺ കേട്ടപ്പോൾ തിരുമേനിﷺ തസ്ബീഹ് ചൊല്ലിയതായി ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറയ്റ﵁യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീഥിലുണ്ട്.

## اللهُ أكْـبر

ഉമർ﵁ ഒരിക്കൽ, നബിﷺയോട് അവിടുന്ന് ഭാര്യമാരെ വിവാഹമോചനം നടത്തിയോ എന്ന് ചോദിച്ചപ്പോൾ തിരുമേനിﷺ ഇല്ല എന്ന് പ്രതികരിച്ചു. ഈ സന്ദർഭത്തിൽ ഉമർ﵁ അല്ലാഹു അക്ബർ എന്ന് പറഞ്ഞതായി ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിലുണ്ട്.